LIBRARY ARCHIVES Kerala Legislative Assembly

വാർഷിക പദ്ധതിയിൽ വെട്ടിച്ചുരുക്കിയ തുക

5 [288] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും വാർഷിക പദ്ധതിയിൽ എത്ര ശതമാനം വെട്ടിച്ചുരുക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഷിക പദ്ധതി ഓരോ വർഷവും എത്ര കോടിയുടേതായിരുന്നു; യഥാർത്ഥത്തിൽ ചെലവാക്കിയത് എത്ര;

(സി) തന്നാണ്ടിൽ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി;

(ഡി) തന്നാണ്ടിൽ പദ്ധതി വെട്ടിച്ചുരുക്കേണ്ടതായി വരുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) റവന്യു വരുമാനത്തിനനുസൃതമായി പദ്ധതിച്ചെലവുകൾ ചുരുക്കുകയുണ്ടായി.

(ബി)

വർഷം	പദ്ധതി അടങ്കൽ	ചെലവാക്കിയത് (തുക കോടിയിൽ)
2001-02	3015.00	2531.00
2002-03	3750.00	3943.99
2003-04	4430.25	അവസാന കണക്കുകൾ ലഭ്യമായിട്ടില്ല

(സി) അവസാന കണക്കുകൾ ലഭ്യമായിട്ടില്ല.

(ഡി) വിഭവലഭ്യതയ്ക്കനുസരിച്ച് ഇക്കാര്യം പരിശോധിച്ചുവരുന്നു.

പ്ലാനിലും നോൺ-പ്ലാനിലും ചെലവഴിക്കാൻ ബഡ്ജറ്റ് ലക്ഷ്യമിട്ട തുക

6 [289] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പ്ലാനിലും നോൺ-പ്ലാനിലും ചെലവഴിക്കാൻ ബഡ്ജറ്റ് ലക്ഷ്യമിട്ട മൊത്തം തുകയും, യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച കണക്കുകൾ വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;